# പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2383 — 17.08.2017 ന് മറുപടിയ്ക്ക്.

## വന വിജ്ഞാന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ കതിരാനിലുള്ള വന വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) തൃശ്ശൂർ സാമൂഹ്യ വനവൽക്കരണ വിഭാഗം റെയിഞ്ചിൽ പ്രവർത്തിച്ച് വരുന്ന കതിരാൻ വനവിജ്ഞാന കേന്ദ്രത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും , പരിസ്ഥിതി സാമൂഹ്യ സന്നദ്ധ സംഘടനകൾ തുടങ്ങിയവയിലെ അംഗങ്ങൾക്കും, പ്രകൃതി പഠന ക്യാമ്പുകളും ട്രക്കിംഗും നടത്തിവരുന്നുണ്ട്. പ്രകൃതിപഠന ക്യാമ്പുകളിൽ പരിചയസമ്പന്നരായ വ്യക്തികളുടെ പരിസ്ഥിതി സംബന്ധമായ ക്ലാസ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധയിനത്തിലുള്ള ഔഷധ സസ്യങ്ങൾ വനവിജ്ഞാനകേന്ദ്രത്തിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വനവിജ്ഞാന കേന്ദ്രത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്. ആയതിനാൽ ഏതൊരാൾക്കും ടി വനവിജ്ഞാനകേന്ദ്രത്തിൽ പോയി ഔഷധ സസ്യങ്ങൾ കാണുവാനും പഠിക്കുവാനും ഉള്ള അവസരം ഉണ്ട്. വനംവകുപ്പിലെ ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിലാണ് വനവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. വനവിജ്ഞാനകേന്ദ്രത്തിന്റെ പരിചരണത്തിനായി ഒരു വാച്ചറേയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) വന വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) വനവിജ്ഞാനകേന്ദ്രത്തിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ പ്രകൃതി പഠനക്യാമ്പുകൾ, ട്രക്കിംഗ് എന്നിവ സംഘടിപ്പിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിലേയും സമീപ ജില്ലകളിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, എൻ.സി.സി, എസ്.പി.സി കേഡറ്റുകൾ, പരിസ്ഥിതി സാമൂഹിക സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ എന്നിവരെ മേൽ പരിപാടികളിൽ ഉൾപ്പെടുത്തുന്നതാണ്. പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വനവിജ്ഞാനകേന്ദ്രം നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Rakeesh

സെക്ഷൻ ഓഫീസർ